# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ എസ് ഏ-ഇകെഎം(പി11) 997/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/10/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് ഏ-ഇകെഎം(പി11) 997/2021 തീയ്യതി: 04/10/2021

## എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് കെ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2021 | 16-07-2021 |
| ശ്രീ ഷാജിമോൻ കെ.എ. | ഡെപ്യൂട്ടി ഡയറക്ടർ | 19-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ സലാം ടി.ഐ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.ഷേർളി പീറ്റർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ഗോപകുമാർ എം.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീജിത്ത് സി.ഡി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ് കുമാർ എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.കിരൺ കെ.എസ്. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സേബ മുഹമ്മദാലി | പ്രസിഡൻറ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷീലാ കുമാരി പി.വി. | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ദീപ കെ.സി. | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. മേരി ശിൽപ കെ.തോമസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.നബീല എം.ബി. | അസി.എൻജിനീയർ | 01-04-2020 | 14-08-2020 |
| ശ്രീമതി.സിജ കെ. | അസി.എൻജിനീയർ | 15-08-2020 | 31-03-2021 |
| ശ്രീമതി.സൂസൻ പോൾ വിതയത്തിൽ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.പ്രസീദ് സി.പി | വെറ്ററിനറി സർജൻ | 01-04-2020 | 30-06-2020 |
| ഡോ.ജി.സുനിൽ | വെറ്ററിനറി സർജൻ | 01-07-2020 | 31-03-2021 |
| ശ്രീ.ഹർഷദ് വി.കെ. | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ഡോ.എലിസബേത്ത് പി.റ്റി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.ബിനി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 31-03-2021 |
| ഡോ.മിനി.സി.കർത്ത | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ.സജീവ് കുമാർ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി റംലത്ത് പി.എ. | ഹെഡ് മിസ്ട്രസ്സ്, ജെ.ബി.എസ്. ദേശം | 01-04-2020 | 23-11-2020 |
| ശ്രീ അനിൽകുമാർ എം.എൻ. | ഹെഡ് മാസ്റ്റർ, ജെ.ബി.എസ്. ദേശം | 24-11-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 16-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-10 |
| 11 | സാംഖ്യയിൽ റദ്ദാക്കിയ കെട്ടിടനികുതി രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്തിട്ടില്ല<br>Written By: Kiran K.S (Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-11 |
| 12 | വസ്തു നികുതി - അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-12 |
| 13 | വസ്തുനികുതി നിർണ്ണയം - അപാകത<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-12-1 |
| 14 | തൊഴിൽ നികുതി<br>Written By: Santhosh Kumar M (Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-13 |
| 15 | ഇ-ടെണ്ടർ ഫോറത്തിന്റെ വില കൃത്യമായി ലഭിക്കുന്നില്ല.<br>Written By: Santhosh Kumar M (Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-14 |
| 16 | ലൈസൻസ് ഫീ - അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-15 |
| 17 | ലൈസൻസ് ഫീ- നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-15-1 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ | 1-16 |

| | | |
|---|---|---|
| | മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടരുന്നു<br>Written By: Kiran K.S (Auditor, On 29-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | |
| 19 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടോയെന്ന് പരിശോധിക്കാനായിട്ടില്ല<br>Written By: Kiran K.S (Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-16-1 |
| 20 | തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Santhosh Kumar M (Auditor, On 29-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-17 |
| 21 | വി ഇ ഒ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത<br>Written By: Santhosh Kumar M (Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-18 |
| 22 | ദുരിതാശ്വാസ നിധി<br>Written By: Abdul Salam T.I (Audit Officer, On 28-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-19 |
| 23 | പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണവും വൈദ്യുതിചാർജ്ജും സംബന്ധിച്ച്<br>Written By: Abdul Salam T.I (Audit Officer, On 28-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-20 |
| 24 | "പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി" -പദ്ധതി റദ്ദാക്കിയത് ഒഴിവാക്കാവുന്നതാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-21 |
| 25 | പാലിയേറ്റീവ് പ്രവർത്തനങ്ങൾ - കൂടുതൽ ജാഗ്രത പാലിക്കണം.<br>Written By: C.D.Sreejith (Senior Grade Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-22 |
| 26 | അധികവേതനം തുടർച്ചയായി നൽകുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-23 |
| 27 | ഫയലുകൾ ഹാജരാക്കിയില്ല - 6,81,260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: C.D.Sreejith (Senior Grade Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-24 |
| 28 | ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ.<br>Written By: C.D.Sreejith (Senior Grade Auditor, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-25 |
| 29 | മംഗലപ്പുഴ പാർക്ക് - പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 30-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| | Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Bindu L (Computer Assistant, On 04-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Abdul Salam T.I (Audit Officer, On 23-07-2021)<br>Last Updated By: Raj N.C (Computer Assistant, On 17-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

2020-21 വർഷത്തെ ബജറ്റ് 05/03/2020-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17/02/2021-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 3(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 22,365,133 | 239,730,678 | 262,095,811 | 258,498,719 | 35,97,092 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യാഥാർത്ഥ്യത്തിലധിഷ്ഠിതമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. 2019-2020 പുതുക്കിയ വാർഷികബജറ്റിന്റെ വർഷാവസാന നീക്കിയിരുപ്പും, 2020-21 വാർഷികബജറ്റിന്റെ മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 30/05/2021 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,94,09,014.00 |
| വരവ് | 9,92,58,822.00 |
| ആകെ | 13,86,67,836.00 |
| ചെലവ് | 9,91,26,500.00 |
| നീക്കിയിരിപ്പ് | 3,95,41,336.00 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,81,200.00 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം 2020-2021

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18564385 | 18564385 | 17522692 | 0 | 1041693 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6070412 | 6070412 | 4911440 | 0 | 1158972 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 60000 | 60000 | 0 | 0 | 60000 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17734000 | 17734000 | 17731395 | 0 | 2605 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4581190 | 4581190 | 4566483 | 0 | 14707 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 12803497 | 12803497 | 10467323 | 0 | 2336174 |
| ദുരിതാശ്വാസ നിധി | 8326 | 337 | 8663 | 0 | 8663 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്-സമ്പൂർണ്ണ ശുചിത്വം 320 300 103 | 0 | 360000 | 360000 | 360000 | 0 | 0 |
| എൻ.ആർ.ഇ.ജി.എസ് 320 100 101 EFMS | 371 | 975799 | 976170 | 976123 | 47 | 0 |
| | 0 | 17764530 | 17764530 | 17764530 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ICDS- 320 100 121 | 828526 | 964195 | 1792721 | 1653663 | 139058 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്- വിമുക്തി- 320 200 307 | 36150 | 0 | 36150 | 0 | 36150 | 0 |
| 320 200 302 ബഡ്സ് സ്കൂൾ ഗ്രാന്റ് | 1250000 | 0 | 1250000 | 0 | 1250000 | 0 |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 1559800 | 3126752 | 4686552 | 167505 | 4519047 | 0 |
| 320 200 306 ICDS- State Share | 0 | 66000 | 66000 | 0 | 66000 | 0 |
| 320 300 199 ലൈഫ് മിഷൻ സംഭാവന | 3480000 | 0 | 3480000 | 540000 | 2940000 | 0 |
| ലൈഫ് മിഷൻ -സംഭാവന 320 200 301 | 3999 | 6 | 4005 | 659 | 3346 | 0 |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1333333 | 1333333 | 1333333 | 0 | 0 |
| സാക്ഷരത 320 200 309 | 13273 | 412 | 13685 | 0 | 13685 | 0 |
| 320 900 101 നിർമ്മൽ പുരസ്കാരം | 445114 | 0 | 445114 | 0 | 445114 | 0 |
| മറ്റുള്ളവ - 320 800 101 ഗുണഭോക്തൃ വിഹിതം | 2975 | 489270 | 492245 | 489270 | 2975 | 0 |
| 320 800 202 Covid – Danations From CIAL | 0 | 149250 | 149250 | 50000 | 99250 | 0 |
| 320 700 204 Joint Venture – Block Panchayat- Reveue Expenditure | 1676548 | 717817 | 2394365 | 717817 | 1676548 | 0 |
| 320 700 205 Joint Venture – District Panchayat- Reveue Expenditure | 2595070 | 465537 | 3060607 | 933843 | 2126764 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 147089707 | 193 | 7,23,06,413 | 48 | 12 | 76.28% |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

നടപ്പാക്കാത്തവയിൽ 12 പദ്ധതികൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 371 | 975799 | 976170 | 976123 | 47 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 17764530 | 17764530 | 17764530 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 371 | 18740329 | 18740700 | 18740653 | 47 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6175000 | 448 |
| വിധവാപെൻഷൻ | 17,032,900 | 1160 |
| വാർദ്ധക്യകാലപെൻഷൻ | 29379600 | 2263 |
| വികലാംഗപെൻഷൻ | 4420600 | 321 |
| അവിവാഹിതരായ 50 വയസ്സിനു മേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 770400 | 46 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2021-ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആഭ്യന്തര നിയന്ത്രണസംവിധാനവും പദ്ധതി നിർവ്വഹണവും പൊതുവേ തൃപ്തികരമാണ്._രജിസ്റ്ററുകളുടെ സൂക്ഷിപ്പ് , രസീതുകളുടെ ഉപയോഗം, അപേക്ഷകളിന്മേലുള്ള തീർപ്പ് കല്പിക്കൽ, പരാതി പരിഹാര സംവിധാനം, ജീവനക്കാരുടെ ജോലി വിഭജനം, എന്നീ ഭരണതല സംവിധാനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. രേഖകളും രജിസ്റ്ററുകളുമെല്ലാം പൊതുവെ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

2. ബിൽ കളക്ടർമാർക്കും നിർവ്വഹണഉദ്യോഗസ്ഥർക്കും നല്കുന്ന രസീതുബുക്കുകളിൽ പലതിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിന് വേണ്ട നടപടിയെടുക്കേണ്ടതാണ്.

3. പൗരാവകാശ രേഖ കാലികമായി തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് .

5. സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്.

6. ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവർത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

7. ഡെത്ത് രജിസ്ട്രേഷൻ അപേക്ഷയിലെ ആധാർ നമ്പർ മുഖേന സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയതിന്റെ വിവരം | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 5/2021- | 26/06/2021 |
| | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2011-12 മുതൽ 2015-16 വരെ | 15/03/2017 |

## 1-11 സാംഖ്യയിൽ റദ്ദാക്കിയ കെട്ടിടനികുതി രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം

ചെയ്തിട്ടില്ല

സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നുള്ള 'ക്യാൻസൽഡ് രസീത് റിപ്പോർട്ട് ' പ്രകാരം ക്യാൻസൽ ചെയ്ത രസീതുകളിൽ വസ്തുനികുതി ഒടുക്കിയതുമായി ബന്ധപ്പെട്ട സാംഖ്യാ രസീത് സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെട്ടതായി കാണുന്നു.

| ക്രമ നമ്പർ | തീയതി | ക്യാൻസൽ ചെയ്ത രസീത് നമ്പർ | സഞ്ചയയിൽ പോസ്റ്റ് ചെയ്യപ്പെട്ട വാർഡ് / കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 09.03.2021 | 120010106184 | 7/466 | 22690/- (വസ്തുനികുതി+ നോട്ടീസ് ഫീ) |
| 2 | 09.03.2021 | 120010106186 | 7/466 | 22690/- |

മേൽ കെട്ടിടത്തിന്റെ നികുതി അടവാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ പ്രസ്തുത കെട്ടിടത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വസ്തുനികുതി 120010106183, 120010106184, 120010106186 എന്നീ രസീതുകൾ പ്രകാരം 09.03.2021 -ൽ ഒടുക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സാംഖ്യയിൽ ക്യാൻസൽ ചെയ്ത 120010106184, 120010106186 എന്നീ രസീതുകളിലെ തുകകൾ സഞ്ചയയിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലേയ്ക്ക് മുതൽക്കൂട്ടിയിരിക്കുന്നു (സഞ്ചയയിൽ 7/466- ാം കെട്ടിടത്തിന്റെ വസ്തുനികുതി ബാലൻസ് വിവരങ്ങളിൽ 'നികുതി തുക കഴിച്ച് അധികം അടച്ച തുക = 22680/-' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്). സാംഖ്യയിൽ ക്യാൻസൽ ചെയ്ത പ്രസ്തുത രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ 7/466- ാം നമ്പർ കെട്ടിടം 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതിനാൽ പഞ്ചായത്തിനു നികുതിയിനത്തിൽ 45360/- രൂപയുടെ നഷ്ടം വരുന്ന സാഹചര്യമുണ്ടാകുന്നു.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/23.07.2021 ), രസീതുകൾ സഞ്ചയയിൽ റദ്ദാക്കാൻ വിട്ടുപോയതാണെന്നും ആയത് റദ്ദാക്കി തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും ഒഴിവാക്കാതെ ഇരിക്കുന്നത് ഗുരുതരമായ പിഴവ് ആണ്. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി - അപാകതകൾ

1. സഞ്ചയ ഡിമാന്റ് പ്രകാരം വർഷാരംഭത്തിൽ സാഖ്യയിൽ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനത്തെ സഞ്ചയ ഡിമാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാവസാനമാണ് വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുന്നത്. വർഷാരംഭത്തിലുള്ള സഞ്ചയ ഡി സി ബി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാഖ്യയിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

2. തൻവർഷം വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് ഡിമാന്റ് കുറവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. വേക്കൻസി റെമിഷൻ അനുവദിച്ച ഫയൽ അടക്കം കൃത്യവായ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. കൃത്യവായ ഫയൽ സൂക്ഷിച്ച് 2020-21 വർഷം വേക്കൻസി റെമിഷൻ ഇനത്തിൽ അനുവദിച്ച നികുതി ഇളവുകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. 2020-21 വർഷത്തെ സാംഖ്യാ അക്കൌണ്ട് പ്രകാരം പ്രയർ പിരിയഡ് ഐറ്റംസ് എന്ന ഹെഡിൽ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 60061/- രൂപയും നോൺ റസിഡൻഷ്യൽ വസ്തുനികുതി ഇനത്തിൽ 36936/- രൂപയും വസ്തു നികുതി ഇനത്തിൽ ചെലവായി ചേർത്തതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ഡിമാന്റിൽ വ്യത്യാസം വന്ന തുക ഏതേത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണ് എന്നത് പരിശോധിച്ച് വ്യക്തത വരുത്തി അപാകത തിരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12-1 വസ്തുനികുതി നിർണ്ണയം - അപാകത

പഞ്ചായത്തിന്റെ വസ്തുനികുതി നിരക്ക് നിർണ്ണയവുമായി ബന്ധപ്പെട്ട 04.10.2010ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം 6, 15 എന്നീ വാർഡുകൾ മുഴുവനായും 16, 17 വാർഡുകളിലെ കോളനി പ്രദേശം ഒഴികെയുള്ള പ്രദേശങ്ങളും പ്രഥമ മേഖലയിൽ ഉൾപെടുത്തിയിട്ടുള്ളതാണ്. എന്നാൽ 2020-21 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ താഴെ ചേർത്ത കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപെടുത്തി 10% നികുതി ഇളവ് നൽകിയതായി കാണുന്നു.

| ക്രമ നം | വാർഡ് | കെട്ടിട നം |
|---|---|---|
| 1 | 6 | 482A, 215A, 373A, 187D, 330C |
| 2 | 16 | 267E, 267B ,267C, 267D, 460A, 92A, 322A |
| 3 | 17 | 279A, 308C, 17A, 306A, 237A, 395A, 211A,393C |

ഈ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം പരിശോധിച്ച് പുനർനിർണ്ണയം നടത്തേണ്ടതും പുതിയ നിരക്കിലുള്ള നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്. 28.07.2021-ലെ 15ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നികുതി ഇടാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യാക്കിയിട്ടുള്ളത്.

## 1-13 തൊഴിൽ നികുതി

1. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ വർഷവും കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം റജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. സാംഖ്യാ അക്കൌണ്ട് പ്രകാരം സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രം ലൈസൻസ് രജിസ്റ്ററിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള വരവും സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവും റികൺസൈൽ ചെയ്തിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റും ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റും പുതുക്കേണ്ടതും, ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കി, രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2. സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിയ്ക്കുകയോ കുടിശ്ശിക സ്ഥാപനങ്ങളെ കണ്ടെത്തി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല. വരവ് തന്നെ ഡിമാന്റായി വർഷാവസാനം സാംഖ്യയിൽ ചേർക്കുകയാണ് ചെയ്യുന്നത്. മുൻവർഷത്തെ വരവിന്റെ അടിസ്ഥാനത്തിൽ വർഷാരംഭത്തിൽ തന്നെ തൻവർഷ ഡിമാന്റ് സാംഖ്യയിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3. ചെറുതും വലുതുമായ ധാരാളം നിർമ്മാണ കമ്പനികളും വ്യാപാര സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രർത്തിയ്ക്കുന്നുവെങ്കിലും വളരെ കുറച്ച് സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളിൽ ഒരു അർദ്ധവർഷം 60 ദിവസമോ അതിലധികമോ ദിവസം ജോലിയെടുക്കുന്ന സ്ഥിര/താൽക്കാലിക/ദിവസവേതന ജീവനക്കാർ എന്നിവർ തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. ഇത്തരത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഇടാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

23.07.2021 ലെ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചു. കോവിഡ് സാഹചര്യം മൂലമാണ് കൃത്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാൻ കഴിയാതെ വന്നത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 16 പ്രകാരമുള്ള പരാമർങ്ങൾ എല്ലാം പാലിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-14 ഇ-ടെണ്ടർ ഫോറത്തിന്റെ വില കൃത്യമായി ലഭിക്കുന്നില്ല.

ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ അതത് വർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക കണക്കാക്കി ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. മുൻ വർഷങ്ങളിൽ ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ലഭിക്കേണ്ട തുകയുടെ വിശദാംശങ്ങളും ലഭിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 27-07-2021 ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് 2018-19 വരെയുള്ള തുക ലഭിച്ചതായും 2019-20 ന് ശേഷമുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ ഉൾപെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും 2019-20 2020-21 വഷർത്തെ തുക കൃത്യമായി ജില്ലാ പഞ്ചായത്ത് എക്സികൃൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ലഭ്യമാക്കി അറിയിക്കെണ്ടതാണ്.

## 1-15 ലൈസൻസ് ഫീ - അപാകതകൾ

1. സാംഖ്യാ അക്കൌണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കി ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി റീകൺസൈൽ ചെയ്യുന്നില്ല എന്നതിനാൽ ഡി.സി.ബി.യുടെ കൃത്യത ഉറപ്പാക്കുവാനാകുന്നില്ല.

2. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് വർഷാവർഷം കാലികമാക്കി ലിസ്റ്റിലെ ക്രമ പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നില്ല എന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല.

3. ട്രേഡേഴ്സ് ലിസ്റ്റ് സെക്രട്ടറി ആധികാരികപ്പെടുത്തി അറിയിക്കേണ്ടതാണ്.

4. 2019-20 സാമ്പത്തിക വർഷം 484 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2020-21 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 344 സ്ഥാപനങ്ങളാണുള്ളത്. ഇത്തരത്തിൽ കൃത്യതയില്ലാത്ത ട്രേഡേഴ്സ് ലിസ്റ്റാണ് തയ്യാറാക്കുന്നത് . കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സെക്രട്ടറി ആധികാരികപ്പെടുത്തി അറിയിക്കേണ്ടതാണ്.

5. 2019-20 484 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2020-21 ൽ ആകെ 353 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2020-21 വർഷം പ്രവർത്തനം നിർത്തിയ സ്ഥാപനങ്ങളുടെയും പുതുതായി തുടങ്ങിയ സ്ഥാപനങ്ങളുടെയും ലിസ്റ്റ് നൽകേണ്ടതുമാണ്. മുൻവർഷം അവസാനം വരെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളെ എല്ലാം ഉൾപെടുത്തി തൻവർഷ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും പുതുക്കിയ ലിസ്റ്റിലെ ക്രമപ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി തയ്യാറേക്കേണ്ടതും ഇത്തരത്തിൽ തയ്യാറാക്കിയ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

6. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. മേൽ ഉത്തരവിനു വിരുദ്ധമായി 200, 300, 400, 500, 1000, 1500, 2000, 3000,4000 എന്നിങ്ങനെയുള്ള വിവിധ നിരക്കുകളിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഇത്തരത്തിൽ വിവിധ നിരക്കുകളിൽ ഫീസ് ഈടാക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കൃത്യ വിലോപത്തിനും ഇടയാക്കുന്നുണ്ട്. ആയതിനാൽ എത്രയും വേഗം ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിന് കമ്മിറ്റി തീരുമാനം എടുത്ത് അറിയിക്കേണ്ടതും അതുവരെ ഉത്തരവിൽ പറഞ്ഞ പരമാവധി ഫീസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

22.07.2021ലെ ഓഡിറ്റ് എൻക്വയറി നമ്പർ- 1 ന് അപാകതകൾ പരിഹരിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

## 1-15-1 ലൈസൻസ് ഫീ- നിശ്ചയിച്ചതിലെ അപാകതകൾ

ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുകയോ പരിശോധിച്ച് ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല. ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം വരെ ,25 ലക്ഷം മുതൽ 1 കോടി വരെ, 1 കോടി മുതൽ 5 കോടി വരെ , 5 കോടിയ്ക്കു മുകളിൽ എന്നിങ്ങനെയും സേവന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം വരെ ,10 ലക്ഷം മുതൽ 50 ലക്ഷം വരെ, 50 ലക്ഷം മുതൽ 2 കോടി വരെ , 2 കോടിയ്ക്കു മുകളിൽ സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ , മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/- 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.താഴെ ചേർത്ത സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കിയതായി കാണുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം | മൂലധനം | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | 42 | ആലുവ റൂബെക്സ് ലിമിറ്റഡ് (ഉത്പാദനം) | 126.68 | 2000 | 5000 | 3000 |
| 2 | 250 | മുല്ലശ്ശേരി, മിനറൽ വാട്ടർ (ഉത്പാദനം) | 45 | 500 | 1000 | 500 |
| 3 | 331 | ഇഞ്ചിയൺ മോട്ടോർസ് (സേവനം) | 1294.13 | 5000 | 15000 | 10000 |

ഈ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരിശോധിച്ച് കൃത്യമായ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. താഴെ ചേർത്ത സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതായി കാണുന്നില്ല. പരിശോധിച്ച് ഈടാക്കിയ ലൈസൻസ് ഫീയുടെ കൃത്യത അറിയിക്കേണ്ടതാണ്.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം | ഈടാക്കിയ ഫീ |
|---|---|---|---|
| 1 | 19 | ക്രഷർ | 2500 |
| 2 | 26 | പിവിസി റസിൻ വിൽപന | 1000 |
| 3 | 33 | ക്രഷർ | 2500 |
| 4 | 79 | ഗ്യാസ് ഏജൻസി | 500 |
| 5 | 134 | സി എ ഹോസ്പിറ്റൽ | 10000 |
| 6 | 162 | ബാറ്ററി സർവീസിങ്ങ്, വിൽപന | 500 |
| 7 | 190 | ഈരയിൽ മിനറൽ വാട്ടർ | 500 |
| 8 | 195 | കൂട്ടക്കാരൻ നിർമ്മാണ സാധനങ്ങൾ, വിൽപന | 5000 |
| 9 | 240 | പെട്രോൾ പമ്പ് | 2000 |
| 10 | 280 | ലോഡ്ജിങ്ങ് റസ്റ്റോറന്റ് | 2500 |
| 11 | 281 | ലോഡ്ജിങ്ങ് റസ്റ്റോറന്റ് | 2500 |

| | | | |
|---|---|---|---|
| 12 | 300 | പെട്രോൾ പമ്പ് | 1500 |

ഈ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം പരിശോധിച്ച് കൃത്യമായ ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ - ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ വിതരണം തുടരുന്നു

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി കാണുന്നു. പരിശോധനയിൽ കണ്ടെത്തിയ ഏതാനും ചില ഗുണഭോക്താക്കളുടെ മാത്രം വിവരങ്ങളാണ് പട്ടികയിൽ നൽകിയിട്ടുള്ളത് . ഇതുപോലെ കൂടുതൽ പേർ ഉൾപ്പെട്ടിട്ടുണ്ടാകാം.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | പി.എസ്.കൃഷ്ണകുമാർ | വാർദ്ധക്യകാല പെൻഷൻ | 107000200401 | 02.05.2020 | 06/20മുതൽ 11/20വരെ | 8100/- |
| 2 | ജോസ് റ്റി എ | വാർദ്ധക്യകാല പെൻഷൻ | 107000200388 | 07.04.2020 | 05/20മുതൽ 06/21 വരെ | 20100/- |
| 3 | ശശിധരൻപിള്ള കെ. | വാർദ്ധക്യകാല പെൻഷൻ | 107000202066 | 13.05.2020 | 06/20മുതൽ 06/21 വരെ | 18800/- |
| 4 | വത്സൻ | ഡിസബിലിറ്റി പെൻഷൻ | 107000400192 | 22.07.2020 | 08/20മുതൽ 06/21 വരെ | 16200/- |
| 5 | ഖദീജ കൊച്ചുണ്ണി | കർഷക തൊഴിലാളി പെൻഷൻ | 107000100153 | 12.11.2020 | 12/20മുതൽ 01/21വരെ | 2900/- |

2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക്(ക്രമ നം നിലവിൽ അവസാനം അനുവദിച്ച ജൂൺ 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(16/28.07.2021) മറുപടിയായി ഡെത്ത് രജിസ്റ്ററുമായി താരതമ്യം ചെയ്ത് മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ കണ്ടെത്തി ഉടൻ തന്നെ സേവന സോഫ്റ്റ്‌വെയറിൽ നിന്നും സസ്പെന്റ് ചെയ്യുന്നതാണെന്നും ,ടി ഗുണഭോക്താക്കളുടെ അഡ്രസ്സിലേക്ക് കത്തയച്ച് മരണശേഷം കൈപ്പറ്റിയ തുക തിരികെ അടവാക്കുന്നതിനുള്ള സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ധനകാര്യ വകുപ്പിന്റെ 05.11.20-ലെ സർക്കുലർ നം.67/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം ആയത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി വിതരണം ചെയ്തതായി കണ്ടെത്തിയ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ സേവനയിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടോയെന്ന് പരിശോധിക്കാനായിട്ടില്ല

2020-21 വർഷത്തെ സാമൂഹിക ക്ഷേമ പെൻഷൻ വിതരണത്തിന്റെ രേഖകൾ പരിശോധന നടത്തിയപ്പോൾ കാർഷിക പെൻഷൻ ലഭിക്കാൻ 2020 ഡിസംബർ, 2021 ജനുവരി മുതലുള്ള മാസങ്ങളിലും സമർപ്പിച്ച താഴെ പറയുന്ന അപേക്ഷകൾ പരിശോധിച്ച് നടപടി എടുക്കുവാൻ കുടിശ്ശിക ഉള്ളതായി കാണുന്നു.

| ക്രമ നം. | അപേക്ഷ രജിസ്റ്റർ ക്രമ നം. | അപേക്ഷകരുടെ പേര്, അഡ്രസ്സ് | അപേക്ഷ നം/ലഭിച്ച തീയതി | കൃഷി ഓഫീസർക്ക് പരിശോധനയ്ക്ക് നല്കിയ തീയതി |
|---|---|---|---|---|
| 1 | 11 | കദീജക്കുട്ടി | A5-5038 14.12.2020 | 04.01.2021 |

| | | | | |
|---|---|---|---|---|
| 2 | 12 | ഗീതമണി | A5-5801 15.12.2020 | 04.01.2021 |
| 3 | 13 | ഉഷ മോഹനൻ മടത്തിമൂലപറമ്പിൽ | A5-118/21 06.01.2021 | 25.01.2021 |
| 4 | 14 | ഐശുക്കുട്ടി അബു ഉണായിപറമ്പിൽ | A5-119/21 06.01.2021 | 25.01.2021 |
| 5 | 15 | സൗദാമിനി സുകുമാരൻ പുറപ്പയിൽ | A5-342 14.01.2021 | 25.01.2021 |
| 6 | 16 | അന്നമ്മ, പുതുശ്ശേരി | A5-611 22.01.2021 | 25.01.2021 |
| 7 | 17 | രാധ | A5-2360 (തീയതി രേഖപ്പെടുത്തി യിട്ടില്ല) | രേഖപ്പെടുത്തി യിട്ടില്ല |
| 8 | 18 | വിജയകുമാരി | A5-2552(") | " |
| 9 | 19 | സുലോചന | A5-1179(") | " |
| 10 | 20 | ജമീല | A5-1980(") | " |
| 11 | 21 | അമ്മിണി | A5-1084(") | " |
| 12 | 22 | ഫാത്തിമ | A5-1576(") | " |
| 13 | 23 | ചന്ദ്രവതി | A5-2074(") | " |
| 14 | 24 | സുലേഖ | A5-1432(") | " |

പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019-ലെ PAN/2021/2019-DBT1(DP) സർക്കുലർ പ്രകാരം പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി ക്രമ നം 1 മുതൽ 7 വരെയുള്ള അപേക്ഷകൾക്ക് പെൻഷൻ അപ്രൂവ് ചെയ്തിട്ടുണ്ടെന്നും ബാക്കിയുള്ള അപേക്ഷകൾ കൃഷി ഓഫീസറുടെ എൻക്വയറി കഴിഞ്ഞ് തിരികെ കിട്ടിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കാർഷിക പെൻഷൻ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ അപേക്ഷകന് നിശ്ചിത സമയത്തിനകം പെൻഷൻ ലഭിച്ചോ എന്നതിന്റെ പരിശോധന സാധ്യമായിട്ടില്ല. ഓരോ പെൻഷന്റെയും അപേക്ഷ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തീയതി, അപേക്ഷകന്റെ വിശദ വിവരങ്ങൾ, അപേക്ഷ അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി, റിപ്പോർട്ട് ലഭ്യമായ തീയതി,റിപ്പോർട്ടിന്റെ സംക്ഷിപ്തം, ശുപാർശ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ച തീരുമാനം നം /തീയതി, കമ്മിറ്റി തീരുമാനം/തീയതി, എന്നിങ്ങനെയുള്ള വിവരങ്ങൾ ഓരോ അപേക്ഷ സംബന്ധിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കേണ്ടതാണ്.

## 1-17 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2181 |
| ആക്റ്റീവായ ഗുണഭോക്താക്കൾ | 657 |
| 2019-20 ൽ നല്കിയ തൊഴിൽ ദിനങ്ങൾ | 45487 |
| 100 തൊഴിൽ ദിനങ്ങൾ നല്കപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 304 |
| 2019-20 വർഷത്തെ ആകെ ചെലവ് തുക | 187.40ലക്ഷം |

ആക്ഷൻ പ്ലാൻ അനുസരിച്ച് ആകെ രൂപീകരിച്ച വർക്കുകൾ --166
പൂർത്തിയാക്കിയ വർക്കുകൾ-- 141
നടത്തിയ പ്രധാന പദ്ധതികളുടെ മേഖല തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു

| തയ്യാറാക്കിയ പ്രവൃത്തികൾ | സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ | നടപ്പാക്കിയ പ്രവൃത്തികൾ |
|---|---|---|
| ഭവന നിർമ്മാണം | 1 | 1 |
| റോഡ് നിർമ്മാണം | 10 | 10 |
| തോട്, കനാൽ പുനരുദ്ധാരണം | 24 | 24 |
| പൊതു സ്ഥലങ്ങളുടെ നവീകരണം | 3 | 2 |
| നഴ്സറി നിർമ്മാണം | 2 | 2 |
| സോക്ക്പിറ്റ് | 49 | 35 |

| | | |
|---|---|---|
| തൊഴുത്ത് നിർമ്മാണം | 13 | 11 |
| മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | 72 | 61 |
| വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള പ്രവർത്തി | 4 | 4 |
| ആട്ടിൻ കൂട് നിർമ്മാണം | 27 | 24 |
| കോഴിക്കൂട് നിർമ്മാണം | 18 | 11 |
| ഫാം പോണ്ട് | 2 | 2 |
| മഴക്കുഴി | 15 | 1 |
| ആകെ | 240 | 188 |

## 1-18 വി ഇ ഒ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത

| | |
|---|---|
| പ്രൊജക്ട് നമ്പർ | 17/2020-21 |
| പ്രൊജക്ടിന്റെ പേര് | വീട് പുനരുദ്ധാരണം(എസ്.സി.) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ. |
| അടങ്കൽ | 1350000/- (വികസന ഫണ്ട് -എസ്.സി.പി.) |
| ചെലവ് | 3,75,000/- |
| ട്രഷറി ബിൽ നമ്പരും തുകയും | ബിൽ നം 06/20-21 തീ 25-3-21 ,₹3,00,000/-<br>ബിൽ നം 08/20-21 തീ 25-3-21, ₹75,000/- |

2020-21 ൽ വി ഇ ഒ നടപ്പിലാക്കിയ വീട് പുനരുദ്ധാരണം പദ്ധതിയിൽ താഴെ ചേർത്ത അപാകതകൾ കാണുന്നു.

(A) താഴെ ചേർത്ത 3 ഗുണഭോക്താക്കൾക്ക് എ ഇ യുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ 75,000/ രൂപ നൽകിയതായി കാണുന്നു:-

1. സുലോചന വി.പി.
2. ശാരദകുമാരൻ
3. കാർത്യായനി വി.എസ്.

(B) കുട്ടി കെച്ചയ്യപ്പൻ എന്ന ഗുണഭോക്താവിന് എ.ഇ.യുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് 45,246.84/- രൂപയാണ് എങ്കിലും 75,000/രൂപ നൽകിയതായി കാണുന്നു.

വിശദികരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 27.07.2021 ലെ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഓരോ ഗുണഭോക്താവും ചെലവാക്കിയ തുക കണക്കാക്കാതെ മുഴുവൻ വിഹിതവും നൽകിയതായി കാണുന്നു. ആയതിനാൽ 4 ഗുണഭോക്താക്കൾക്കും നൽകിയ 3,00,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-19 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ചെങ്ങമനാട് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും 2019-20, 2020-21 വർഷങ്ങളിൽ തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. മാത്രമല്ല കേവലം 8,663/- രൂപ മാത്രമാണ് അക്കൌണ്ടിൽ (SCB A/C No.311100101) 31.03.2021ൽ നീക്കിയിരിപ്പുള്ളത്. ദുരിതാശ്വാസനിധിയിലേക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനും തുക കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-20 പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണവും വൈദ്യുതിചാർജ്ജും സംബന്ധിച്ച്

വൌച്ചർ നം.35/11 (21900726/5.11.19) പ്രകാരം 3,94,785/- രൂപ KSEB യുടെ ആവശ്യപ്രകാരം 8/7/19 മുതൽ വർദ്ധിപ്പിച്ച നിരക്കിന്റെ അരിയർ തുകയായ 1,01,069/- രൂപയുൾപ്പെടെ അടവാക്കിയിട്ടുണ്ട്. KSEB അത്താണി ഇലക്ട്രിക്കൽ സെക്ഷൻ സീനിയർ സൂപ്രണ്ടിന്റെ കത്തിനോടൊപ്പം നൽകിയിട്ടുള്ള Street Light Bill Calculation Sheet പ്രകാരം പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും ഈടാക്കിയ തുകയും താഴെപ്പറയുന്ന പ്രകാരമാണ്:-

40 W Bulb – 403 എണ്ണം X 73 = 29419/-
60 W Bulb - 164 “ X 112= 18368/-
2X40 W Tube – 767” X 147 =112749/-

250w SVL – 264 " X 492 = 129888/-
250 W MVL – 1 " X 492 = 492/-
2X11w CFL – 80 " X 35 = 2800/-
ആകെ = 293716/- രൂപ

എന്നാൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള Streetlight Register ൽ രേഖപ്പെടുത്തിയിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരമാണ്.

Double Tubes – 995 എണ്ണം (Ward I To XVIII)
Single Tubes - 118 " "
CFL - 3 " "
SVL - 0 " "
LED - 271 " "

പഞ്ചായത്തിലെ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും KSEB ഔദ്യോഗികമായി അറിയിച്ച കണക്കുകളും തമ്മിലുള്ള വ്യത്യാസത്തിന് കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതും വൈദ്യുതിചാർജിനത്തിൽ അധികതുക ചെലവഴിക്കേണ്ടി വരുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തിൽ മൂന്ന് കെ.എസ്.ഇ.ബി. സെക്ഷനുകളാണുള്ളതെന്നും സംയുക്തപരിശോധന നടത്തിയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന വിഷയങ്ങളിൽ വിശദീകരണം നൽകേണ്ടതാണ്:-

1. കെ.എസ്.ഇ.ബി. അത്താണി സെക്ഷൻ കൂടാതെ മറ്റ് സെക്ഷനുകളിൽ നിന്നും സ്ട്രീറ്റ് ലൈറ്റ് ചാർജ്ജിനത്തിൽ ബില്ലുകൾ ലഭിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ തുക നൽകിയതിന്റെ വിവരങ്ങൾ?

2. കുളവൻകുന്ന്, പറമ്പയം, പാലപ്രശ്ശേരി, വെങ്ങോലംകുന്ന്, കുന്നംപുറം, ദേശം, തുരുത്ത്, ചെങ്ങനാൽ എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള Highmast Light കൾക്ക് പ്രത്യേകം ബില്ലുകൾ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിക്കുന്നത് പേമെന്റ് നടത്തുന്നുണ്ട്. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള SVL, MVL Light കളുടെ വിവരങ്ങളും ഓഡിറ്റിന് നൽകേണ്ടതാണ്.

3. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്തപരിശോധന നടത്തേണ്ടതും പഞ്ചായത്ത് അടവാക്കിവരുന്ന വൈദ്യുതിചാർജ്ജിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## <u>1-21 "പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി" -പദ്ധതി റദ്ദാക്കിയത് ഒഴിവാക്കാവുന്നതാണ്.</u>

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി "പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി" എന്ന പ്രൊജക്ട് നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്ന് ലഭിച്ച 33 ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 2(1)/ 02.03.2019 പ്രകാരം അംഗീകാരം നല്കിയിരുന്നു. ഈ ലിസ്റ്റിൽ നിന്ന് 12 ഗുണഭോക്താക്കളെ പഞ്ചായത്ത് പദ്ധതിയിലേക്ക് തെരഞ്ഞെടുത്തതിന് ശേഷം ബാക്കിയുള്ള ഗുണഭോക്താക്കളെ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിന്റെ പഠനമുറി പദ്ധതിയിലേക്ക് ഉൾപ്പെടുത്തി നല്കി. ( തീ. നം. 1(3)/ 61.09.2019). മേൽപ്പറഞ്ഞ 12 ഗുണഭോക്താക്കൾക്കും പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ, ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്നോ പഠനമുറിക്ക് ആനുകൂല്യമൊന്നും നല്കിയിട്ടില്ല എന്ന സർട്ടിഫിക്കറ്റ് വാങ്ങി ഗുണഭോക്താക്കളുമായി പഞ്ചായത്തിന് വേണ്ടി നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് സെക്രട്ടറി എഗ്രിമെന്റ് വെച്ചു. തുടർന്ന് മേൽപ്പറഞ്ഞ 12 ഗുണഭോക്താക്കളിൽ 4 ഗുണഭോക്താക്കൾക്ക് 50,000/- രൂപ മുൻകൂർ നല്കി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | മുൻകൂർ നല്കിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | വി.കെ. ചന്ദ്രൻ | 50,000 | 2/ 19-20 തീ.13.11.2019 |
| 2 | ഷൈല ബാബു | 50,000 | |
| 3 | രാജേഷ് ആർ. | 50,000 | 3/19-20 തീ.15.01.2020 |
| 4 | അയ്യപ്പൻ കുട്ടി | 50,000 | 9/19-20 തീ.15.02.2020 |
| | ആകെ | 2,00,000 | |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പണി പൂർത്തിയായതായി നിർവ്വഹണോദ്യോഗസ്ഥയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വാല്യവേഷൻ സർട്ടിഫിക്കറ്റ് നല്കുന്നതിനായി എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർക്ക് കത്ത് നല്കി. അതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് 2020-21 സാമ്പത്തികവർഷം അവസാന ഗഡു തുക നല്കി.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അവസാന ഗഡു തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | വി.കെ. ചന്ദ്രൻ | 96,027<br>9,000 | 04/20-21 തീ. 05.06.2020<br>18/20-21 തീ. 24.03.2021 |
| 2 | ഷൈല ബാബു | 1,05,474 | 03/20-21 തീ. 20.04.2020 |
| 3 | രാജേഷ് ആർ. | 73,864<br>43,509 | 06/20-21 തീ. 16.07.2020<br>10/20-21 തീ. 13.10.2020 |
| 4 | അയ്യപ്പൻ കുട്ടി | 75,000<br>43,074 | 05/20-21 തീ. 01.07.2020<br>08/20-21 തീ. 09.10.2020 |

| | ആകെ | 4,45,948 | |
|---|---|---|---|

ഇപ്രകാരം ഈ പ്രൊജക്ടിൽ 2 വർഷങ്ങളിലായി ആകെ 6,45,948/- രൂപ ചെലവായിട്ടുണ്ട്.

മേൽപ്പറഞ്ഞ ഗുണഭോക്താക്കളിൽ ശ്രീ. വി.കെ. ചന്ദ്രൻ എന്നയാൾ 14.07.2020ൽ തനിക്ക് പദ്ധതി പ്രകാരമുള്ള മുഴുവൻ തുകയും ലഭിച്ചില്ല എന്നും, വാല്യുവേഷൻ കുറഞ്ഞുപോയി എന്നും ആക്ഷേപമുന്നയിച്ചുകൊണ്ട് ബഹു. വകുപ്പ് മന്ത്രിക്കും, ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും പരാതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വാല്യുവേഷൻ പുന:പരിശോധിക്കണമെന്നും, പരാതി ചർച്ച ചെയ്ത് പരിശോധിക്കണമെന്നും നിർദ്ദേശിച്ച് പാറക്കടവ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് നല്കണമെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നിന്ന് നിർദ്ദേശം നല്കി. അതുപ്രകാരം എൽ.എസ്.ജി.ഡി. അസി.എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ഇലക്ട്രിഫിക്കേഷൻ വർക്കിന് 9100/- പരമാവധി തുക നല്കാം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലും ശ്രീ. ചന്ദ്രൻ വി.കെ.-യ്ക്ക് ആകെ 1,55,027/- രൂപ നല്കി ടിയാന്റെ പരാതി തീർപ്പാക്കുകയാണുണ്ടായത്.

ഈ വിഷയം സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങളിൽ വിശദീകരണം നല്കാനായി എൻക്വയറി നം. 9 പ്രകാരം അന്വേഷണക്കുറിപ്പ് നല്കിയിരുന്നു.

1) ശ്രീ.വി.കെ. ചന്ദ്രൻ നല്കിയ പരാതിയിൽ അസി.എൻജിനീയറുടെ വാല്യുവേഷൻ ആകെ ചെയ്ത പ്രവൃത്തിക്ക് ആനുപാതികമായിട്ടല്ല എന്നും, ആയതുകൊണ്ട് ടിയാൾക്ക് ചെലവായ തുകയ്ക്കനുസരിച്ച് ലഭിക്കാവുന്ന പരമാവധി ആനുകൂല്യം ലഭ്യമായില്ല എന്നുമാണ് ആക്ഷേപമുന്നയിച്ചിരിക്കുന്നത്. ഈ പരാതിയിൻമേൽ അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് ജില്ലാ പട്ടികജാതി വികസന ഓഫീസർ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്മേൽ പഞ്ചായത്ത് എന്തു നടപടിയാണ് സ്വീകരിച്ചതെന്നും, പഞ്ചായത്ത് ഭരണസമിതിയോ, ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ, പട്ടികജാതി ക്ഷേമ വർക്കിംഗ് ഗ്രൂപ്പോ നേരിട്ട് അന്വേഷണം നടത്തുകയോ, റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടുണ്ടോയെന്നും എൻക്വയറിയിൽ അന്വേഷിച്ചിരുന്നു.

ഇതിന് നല്കിയ മറുപടിയിൽ, ഇത് സംബന്ധിച്ച് വാല്യുവേഷൻ എടുത്ത ഓവർസീയറുടെ മറുപടി സഹിതം ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർക്ക് രേഖാമൂലം വിശദീകരണം കൊടുത്തിട്ടുണ്ടെന്നും, ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് സ്റ്റിയറിംഗ് കമ്മിറ്റി, പട്ടികജാതി വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി അസിസ്റ്റന്റ് എൻജിനീയറുടെ വിശദീകരണം നേരിട്ട് കേട്ട് ബോദ്ധ്യപ്പെടുകയും, ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചിരിക്കുന്നതിനാൽ അതുകൂടി ഉൾപ്പെടുത്തി പുനർ വാല്യുവേഷൻ എടുത്ത് അവസാന ഗഡു തുകയിൽ പരമാവധി 9,100/- രൂപയിൽ കവിയാത്തവിധം തുക നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തുയും ചെയ്തുവെന്നും വിശദമാക്കിയിട്ടുണ്ട്.

2) 15.07.2020ലെ 10(1) നമ്പർ തീരുമാനത്തിൽ " ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതി ഭേദഗതിയിൽ ഉൾപ്പെടുത്തി 'പട്ടികജാതി വിദ്യാർത്ഥികൾക്ക്പഠനമുറി ധനസഹായം' എന്ന പ്രൊജക്ട് റദ്ദ് ചെയ്യണമെന്നാവശ്യപ്പെട്ട് എസ്.സി. പ്രമോട്ടർ സമർപ്പിച്ച കത്ത് കമ്മിറ്റി ചർച്ച ചെയ്തു. 2020-21 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ട് ഉപേക്ഷിക്കുന്നതിന് തീരുമാനിച്ചു." -എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച്,

A) പദ്ധതി റദ്ദ് ചെയ്യണമെന്ന് എസ് .സി.പ്രമോട്ടർ ആവശ്യപ്പെടാനുള്ള കാരണം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമല്ല. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പട്ടികജാതി ക്ഷേമ വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ ചർച്ച ചെയ്താണോ പ്രൊജക്ട് റദ്ദ് ചെയ്യാനുള്ള തീരുമാനം പഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ടത് എന്നും,

B) പഞ്ചായത്തിലെ പട്ടികജാതി ജന വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനാണ് എസ്.സി. പ്രമോട്ടറെ നിയമിച്ചിരിക്കുന്നത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് , വികസന സെമിനാർ എന്നീ വിവിധ ഘടകങ്ങളിലൂടെ രൂപീകരിക്കപ്പെടുന്ന ഒരു പ്രൊജക്ട് ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ചതിന് ശേഷം എസ്.സി. പ്രമോട്ടറുടെ കത്തിന്റെ മാത്രം അടിസ്ഥാനത്തിൽ റദ്ദ് ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നും അന്വേഷണക്കുറിപ്പിൽ ആവശ്യപ്പെട്ടിരുന്നു.

വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തും, പട്ടികജാതി വികസന വകുപ്പും നല്കാവുന്ന പരമാവധി തുകയായ 2,00,000/- രൂപയും നല്കുന്നുണ്ടെന്നും, എന്നാൽ പഞ്ചായത്ത് പദ്ധതിയിൽ വാല്യുവേഷന്റെ പരിധിയിൽപ്പെടുത്തി തുക നല്കുന്നതുകൊണ്ട് ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ചെലവായ തുക ലഭിക്കുന്നില്ലെന്നും വ്യാപകമായ പരാതി ഗുണഭോക്താക്കളുടെ ഭാഗത്തു നിന്നും ഉയർന്നുവരികയും, ഒരേ വാർഡിൽ അടുത്തടുത്ത താമസിക്കുന്ന ഗുണഭോക്താക്കൾക്ക് രണ്ട് തലത്തിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്തമാനദണ്ഡങ്ങളിൽ ആനുകൂല്യം ലഭിക്കുന്നതിലുള്ള അപാകത കാരണം പഞ്ചായത്തിന്റെ ആനുകൂല്യം ലഭിച്ച പരാതിക്കാരൻ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾ തങ്ങൾക്ക് ലഭിച്ച ആനുകൂല്യം കുറഞ്ഞുപോയി എന്ന് ആക്ഷേപമുന്നയിച്ചുകൊണ്ട് പഞ്ചായത്താഫീസിന്റെ മുമ്പിലും, എസ്.സി. പ്രമോട്ടറുടെ വീടിനു മുന്നിലും ആത്മഹത്യാ ഭീഷണി ഉൾപ്പെടെയുള്ള സമരങ്ങൾ നടത്തിയതുമൂലമാണ് ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ട് 2020 -21 മുതൽ നടപ്പിലാക്കണ്ട എന്നും, ഗ്രാമസഭകളിൽ നിന്നും ഈ പ്രൊജക്ടിന് വേണ്ടി ലഭ്യമാകുന്ന അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറാമെന്നും പഞ്ചായത്ത് തീരുമാനിച്ചത് എന്നാണ് മറുപടി നല്കിയിരിക്കുന്നത്.

സ.ഉ (കൈ) നം.22/2018/ ത.സ്വ.ഭ.വ തീയതി. 14.02.2018 ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ.7.2..17 ലെ വ്യവസ്ഥകൾക്ക് വിധേയമായും, പിന്നീട് ഇത് സംബന്ധിച്ച് 15.10.2018, 28.01.2020, 22.06.2020 തീയതികളിലെ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നല്കുന്നത്. ഈ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള 800 ചതുരശ്രഅടിയിലധികരിക്കാത്ത വിസ്തീർണ്ണമുള്ള വീടിനോട് ചേർന്ന് 100 ചതുരശ്രഅടിയിലധികരിക്കാത്ത ( പിന്നീട് 120 ച.അടിയാക്കി ഉയർത്തി) പഠനമുറി നിർമ്മിക്കുവാൻ

50,000/- രൂപ മുൻകൂറായും, പണി പൂർത്തിയാക്കിയാൽ എൽ.എസ്.ജി.ഡി. അസി.എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു തുകയും നല്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ നിർദ്ദേശ പ്രകാരം എൽ.എസ്.ജി.ഡി. എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ആനുകൂല്യം നല്കേണ്ടത്. ആയതിനാൽ ലഭിച്ച ആനുകൂല്യം കുറഞ്ഞുപോയി എന്ന ഗുണഭോക്താക്കളുടെ വാദത്തിന് പ്രസക്തിയില്ല. എന്നാൽ ഇത് സംബന്ധിച്ച് ഗുണഭോക്താക്കളിൽ ഉണ്ടായ തെറ്റിദ്ധാരണ നീക്കുകയാണ് പഞ്ചായത്തും, ബന്ധപ്പെട്ട നിർവ്വഹണാധികാരികളും ചെയ്യേണ്ടിയിരുന്നത്. പദ്ധതി ആരംഭിക്കുമ്പോൾ തന്നെ ഗുണഭോക്താക്കളുടെ യോഗം വിളിച്ചുകൂട്ടുകയും, പദ്ധതിയുടെ നടത്തിപ്പിന്റെ നടപടിക്രമങ്ങളും, മാനദണ്ഡങ്ങളും അവരോട് വിശദമാക്കി, പഞ്ചായത്തുമായി ഗുണഭോക്താക്കൾ ചമയ്ക്കുന്ന കരാറിൽ വ്യവസ്ഥകൾ വിശദമായി പ്രതിപാദിക്കാവുന്നതായിരുന്നു.

സാമ്പത്തികമായും, സാമൂഹികമായും പിന്നാക്കാവസ്ഥയിലുള്ള ഒരു ജനവിഭാഗത്തിന് വിദ്യാഭ്യാസസൗകര്യം ചെയ്തുകൊടുക്കുക എന്ന ഉദ്ദേശ്യത്തോടെ നിർദ്ദേശിച്ച ഒരു പദ്ധതി ത്രിതലപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് വളരെ കൃത്യമായ മാനദണ്ഡം സർക്കാർ നിർണ്ണയിച്ച് നല്കിയിട്ടുണ്ട്. ഈ മാനദണ്ഡം പാലിക്കുന്നതിൽ ഏതെങ്കിലും തലത്തിലുള്ള തദ്ദേശസ്വയംഭരണസ്ഥാപനം അവധാനത കാണിക്കുകയും, അതുമൂലം മറ്റൊരു തദ്ദേശസ്വയംഭരണസ്ഥാപനത്തിന് മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ പ്രായോഗികബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്ന പക്ഷം ആയത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആണ് സ്വീകരിക്കേണ്ടിയിരുന്നത്. അതിന് പകരം ഈ പദ്ധതി തന്നെ വേണ്ട എന്ന് തീരുമാനിച്ചത് ഈ പഞ്ചായത്ത് പ്രദേശത്തിലെ പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്ന ഗുണഭോക്താക്കളുടെ അവകാശത്തെ നിഷേധിക്കുന്ന നടപടിയായി മാറുകയാണുണ്ടായത്.

ബ്ലോക്ക് പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിലും ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ അഞ്ചോ,ആറോ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ ഉൾപ്പെടുന്നു എന്നതിനാൽ ഒരു ഗ്രാമപഞ്ചായത്തിലെ ആവശ്യക്കാരും, അർഹതയുള്ളവരുമായ എല്ലാ ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം ലഭിക്കുവാനുള്ള സാധ്യത കുറയുന്നു.

2021-22 വർഷത്തെ വികസനസെമിനാർ, വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന്റെ തുക വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. ഇതിൽനിന്ന് പഞ്ചായത്ത് പ്രദേശത്ത് ഈ പദ്ധതിക്ക് ഇനിയും ഗുണഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാകുന്നു.

മേൽസാഹചര്യത്തിൽ, "പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി " എന്ന പ്രൊജക്ട് ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കണ്ട എന്ന തീരുമാനം പുന:പരിശോധിക്കപ്പെടേണ്ടതാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ ആയതിന്റെ ഗുണഭോക്താക്കളെ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും, മാനദണ്ഡങ്ങളും വ്യക്തമായി അറിയിക്കേണ്ടതു് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും, ഉത്തരവാദപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്റെയും ചുമതലയാണ് എന്നതു് പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് അനിവാര്യമാണ്.

അതോടൊപ്പം കൃത്യമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഒരു പദ്ധതി വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും, ബന്ധപ്പെട്ട വകുപ്പും നടപ്പിലാക്കുമ്പോൾ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ അലംഭാവം കാണിക്കുന്നതുമൂലം ഗുണഭോക്താക്കളിൽ ആശയക്കുഴപ്പവും, തെറ്റിദ്ധാരണയും ഉടലെടുക്കുകയും, അതുമൂലം മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ഏതെങ്കിലും തലത്തിലുള്ള തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിൽ ആയത് സർക്കാരിനെയോ, സംസ്ഥാന വികേന്ദ്രീകൃത ആസൂത്രണസമിതിയെയോ രേഖാമൂലം അറിയിച്ച് പരിഹാരം തേടാവുന്നതാണ്.

## 1-22 പാലിയേറ്റീവ് പ്രവർത്തനങ്ങൾ - കൂടുതൽ ജാഗ്രത പാലിക്കണം.

2019-20 ൽ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് 9,98,573 രൂപ ചെലവായിട്ടുണ്ട്. ഇതിൽ 1,79,124 രൂപ പാലിയേറ്റീവ് നഴ്സിന്റെ വേതനവും 1,35,635 രൂപ ആംബുലൻസ് ഡ്രൈവറുടെ വേതനവും 40,161 രൂപ ഇന്ധനച്ചെലവുമാണ്. 5,52,315 രൂപ ചെലവിൽ KMSCL , ARTCO എന്നിവടങ്ങളിൽ നിന്ന് പാലിയേറ്റീവ് രോഗികൾക്കാവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി നൽകിയതായി കാണുന്നുണ്ട്. 2020-21 ൽ ആകെ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് ചെലവായത് 8,84,971 രൂപയാണ്. ഇതിൽ 2,08,780 രൂപ ഡ്രൈവർ വേതനവും , 1,99,115 രൂപ പാലിയേറ്റീവ് നഴ്സിന്റെ വേതനവും 1,28,787 രൂപ വാഹനത്തിന്റെ ഇന്ധനച്ചെലവുമാണ്. 2,08,913 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ മാത്രമാണ് 2020-21 ൽ പാലിയേറ്റീവ് രോഗികൾക്ക് വാങ്ങി നൽകാനായത്. രോഗികൾക്ക് ഏറ്റവും പ്രധാനപ്പെട്ട പല സേവനങ്ങളും ഗണ്യമായി കുറഞ്ഞതായി കാണുന്നു. ഉദാഹരണമായി ഏറ്റവും ആവശ്യമുള്ള അഡൾട്ട് ഡയപ്പർ , അണ്ടർ പാഡ് എന്നിവ 2019-20 ൽ യഥാക്രമം 4,000 , 2,000 എന്നീ എണ്ണം വാങ്ങിയത് 2020-21 ൽ 400 , 300 എന്നീ എണ്ണമായി കുറഞ്ഞു ഏകദേശം പത്തിലൊന്നായി കുറഞ്ഞു. സാധാരണക്കാരായ പാലിയേറ്റീവ് രോഗികൾക്ക് ഇത്തരം വസ്തുക്കൾ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ട സാഹചര്യമുണ്ടാകുന്നു.

ഇന്ധനച്ചെലവ് 40,161 രൂപയിൽ നിന്ന് 1,28,787 രൂപയായി ഉയർന്നു. കൊവിഡ് മഹാമാരിക്കാലത്ത് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സി.എച്ച്.സി ജീവനക്കാരെ സ്ഥാപനത്തിലേക്കും തിരിച്ച വീട്ടിലേക്കും എത്തിക്കുന്നതിന് വാഹനം ഉപയോഗിച്ചതായിരുന്നു പ്രധാന കാരണം. ഇത് കൂടാതെ ട്രഷറി അടക്കമുള്ള പല സ്ഥാപനങ്ങളിലേക്കുള്ള യാത്രക്കും പാലിയേറ്റീവ് ആംബുലൻസ് ഉപയോഗിച്ചതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് ആംബുലൻസിന്റെ ഉപയോഗം നിയന്ത്രിക്കുക. ഏതെങ്കിലും സാഹചര്യങ്ങളിൽ പാലിയേറ്റീവ് പദ്ധതിയുടെ ആവശ്യത്തില്ലാതെ വാഹനം ഉപയോഗിക്കേണ്ടിവന്നാൽ ആയതിന്റെ ചെലവ് പാലിയേറ്റീവ് ഹെഡ്ഡിൽ നിന്ന് ചെലവ് ചെയ്യാതിരിക്കുകയോ പഞ്ചായത്ത് ഫണ്ടിൽ നിന്ന് പാലിയേറ്റീവ് പദ്ധതിക്ക് നൽകുകയോ ചെയ്യേണ്ടതാണ്. 2020-21 ൽ പാലിയേറ്റീവ് ആവശ്യങ്ങൾക്കല്ലാത്ത പ്രവർത്തനങ്ങൾക്ക് ഇന്ധനച്ചെലവായ അധിക തുക ഏകദേശം 87,000 രൂപയാണ്. മേൽ തുക പാലിയേറ്റീവ് പദ്ധതിക്കുപയോഗിക്കാമായിരുന്ന തുകയാണ്.

2. ജീവനക്കാരുടെ വേതനത്തിലുള്ള വർദ്ധന, ഉപകരണങ്ങളുടെ വിലയിലുള്ള വർദ്ധന , രോഗികളുടെ എണ്ണത്തിലുള്ള വർദ്ധന എന്നിവ പദ്ധതി തയ്യാറാക്കുമ്പോൾ കണക്കാക്കേണ്ടതാണ്. ഓരോ വർഷവും മേൽ വർദ്ധനകൾക്കാനുപാതികമായി ബജറ്റ് തുക വർദ്ധിപ്പിക്കേണ്ടതാണ്.

3. എല്ലാ മാസവും പത്താം തിയതി പാലിയേറ്റീവ് പദ്ധതിയുടെ പ്രവർത്തനങ്ങളെപ്പറ്റി മെഡിക്കൽ ഓഫീസർ റിപ്പോർട്ട് തയ്യാറാക്കി തദ്ദേശസ്ഥാപനങ്ങൾക്ക് നൽകേണ്ടതുണ്ട്. പ്രസ്തുത റിപ്പോർട്ട് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുന്നത് അഭികാമ്യമായിരിക്കും.

4. പാലിയേറ്റീവ് വാഹനത്തിന്റെ ലോഗ്ബുക്കിൽ ഒരു ദിവസം പല യാത്രകൾ നടത്തിയിട്ടുണ്ടെങ്കിൽ അവയെല്ലാം വെവ്വേറെ തന്നെ രേഖപ്പെടുത്തണം.

## 1-23 അധികവേതനം തുടർച്ചയായി നൽകുന്നു.

പാലിയേറ്റീവ് പദ്ധതിയുടെ ഡ്രൈവർക്ക് 10.06.2019 മുതൽ 09.06.2020 വരെയും 10.06.2020 മുതൽ 09.06.2021 വരെയും ജോലിക്ക് ഹാജരാകുന്ന ദിവസങ്ങളിൽ 700/- രൂപ വേതനം എന്ന നിരക്കിലാണ് കരാർ ഉറപ്പിച്ച് നൽകിയിരിക്കുന്നത്. ക്വട്ടേഷനിൽ 700/- രൂപ രേഖപ്പെടുത്തിയിരുന്ന ശ്രീ അശോക് കുമാർ, കൊട്ടാരത്ത് പറമ്പിൽ എന്ന വ്യക്തിയുടെ ക്വട്ടേഷനാണ് രണ്ട് വർഷവും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത്. എന്നാൽ 01.07.2019 മുതൽ ടിയാന് 715/- രൂപ നിരക്കിലാണ് വേതനം നൽകി വരുന്നത്. സ.ഉ (അച്ചടി) നം.81/2019/ധന/09.07.2019 ഉത്തരവ് പ്രകാരം ഡ്രൈവറുടെ ദിവസവേതന തുക 715/- രൂപയാണ് എന്നതിനാലാണ് ഇങ്ങനെ നൽകുന്നത് എന്ന് അധികൃതർ വ്യക്തമാക്കി. ഇത് അംഗീകരിക്കാനാകില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്തുന്ന വ്യക്തികളെ താത്കാലികമായി നിയമിക്കുന്ന അവസരങ്ങളിലാണ് മേൽ തുക അനുവദനീയം. ഇവിടെ ദിവസവേതനത്തിന് ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെ നിയമിച്ചിരിക്കുന്നത്. ആയതിനാൽ കാലാവധി തീരുന്നത് വരെ ടിയാന് അംഗീകരിക്കപ്പെട്ട ക്വട്ടേഷനിലെ തുക മാത്രമേ നൽകാനാകൂ. 2020-21 സാമ്പത്തിക വർഷത്തിൽ 292 ദിവസം 15 രൂപ വീതം അധികം നൽകിയത് മൂലം 4,380/- രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ടി തുക ടിയാനിൽ നിന്ന് തിരിച്ച് പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കണമെന്നും നിർദ്ദേശിക്കുന്നു. മേൽ തുക തിരിച്ച് പിടിക്കാത്ത പക്ഷം ആയത് അതാത് കാലത്തെ സി.എച്.സി. മെഡിക്കൽ ഓഫീസറുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 1-24 ഫയലുകൾ ഹാജരാക്കിയില്ല - 6,81,260/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഹെഡ്മാസ്റ്റർ, ഗവ.യു.പി സ്കൂൾ, ചെങ്ങമനാട് എന്ന നിർവഹണ ഉദ്യോഗസ്ഥൻ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളൊന്നും പരിശോധനക്ക് ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു:-

1. എസ്.എസ്.എ വിഹിതം അടവാക്കൽ (195/21) – 6,00,000
2. പത്താം ക്ലാസ്സ് തുല്യത (198/21) – 14,800
3. പന്ത്രണ്ടാം ക്ലാസ്സ് തുല്യത പഠനം - 66,400

മേൽ പദ്ധതികളുടെ ആകെ ചെലവ് തുകയായ 6,81,200/- രൂപ ഫയലുകൾ ഹാജരാക്കുന്നത് വരെ തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ.

2020-21 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലാണ് തയ്യാറാക്കിയത്.ഗ്രാമസഭ ചേരാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പൊതുജനങ്ങളിൽ നിന്ന് അപേക്ഷകൾ നേരിട്ട് ക്ഷണിച്ച് ആയത് പരിശോധിച്ചാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയത്. ഇത്തരത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃലിസ്റ്റിന് ഗ്രാമസഭയിൽ ചർച്ച ചെയ്ത് തയ്യാറാക്കുന്ന ഗുണഭോക്തൃലിസ്റ്റിലേതുപോലെ സമഗ്രമായി തയ്യാറാക്കാൻ സാധിക്കില്ല എന്നത് വ്യക്തമാണെങ്കിലും ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലെയും പ്രാതിനിധ്യവും അർഹതയുള്ളവരിലേക്ക് പരമാവധി എത്തുന്നു എന്നതും ഉറപ്പുവരുത്തേണ്ടതാണ്.

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കിഴങ്ങുവർഗ്ഗ കൃഷി ( പ്രൊ.നം - 242/21) എന്ന പ്രൊജക്ടിൽ ആകെ ഗുണഭോക്താക്കൾ 58 പേരായിരുന്നു. 2,3,4,9,11,14 എന്നീ വാർഡുകളിൽ നിന്ന് ഒരു വ്യക്തി പോലും ഗുണഭോക്തൃലിസ്റ്റിൽ ഉണ്ടായിരുന്നില്ല. വാർഡ് - 16 ൽ നിന്ന് 11 പേരും, വാർഡ് - 10, 1 എന്നിവടങ്ങളിൽ നിന്ന് 7 പേർ വീതവും , വാർഡ്- 12 ൽ നിന്ന് 6 പേരും അടക്കം 31 പേർ മേൽ സൂചിപ്പിച്ച 4 വാർഡുകളിൽ നിന്നുള്ളവരാണ്. ആകെ ധനസഹായം നൽകിയത് 12 ഗുണഭോക്താക്കൾക്കാണ്. ഇതിൽ 6 ഗുണഭോക്താക്കൾ വാർഡ്-1 ൽ നിന്നുള്ളവരാണ്.

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മുട്ടക്കോഴിക്കുഞ്ഞ് വിതരണം (പ്രൊ.നം196/21) എന്ന പ്രൊജക്ടിൽ കോഴി വിതരണം ചെയ്ത 224 ഗുണഭോക്താക്കളിൽ 46 പേർ വാർഡ് - 11 ൽ നിന്നുള്ളവരും 32 പേർ വാർഡ് - 12 ൽ നിന്നുള്ളവരും 21 പേർ വാർഡ് 14 ൽ നിന്നുള്ളവരുമാണ്. വാർഡ്- 18 ൽ നിന്ന് ആർക്കും കോഴിക്കുഞ്ഞുങ്ങളെ ലഭിച്ചില്ല. 22 വ്യക്തികൾ വാർഡ്-18 ൽ നിന്ന് അംഗീകരിക്കപ്പെട്ട ഗുണഭോക്തൃലിസ്റ്റിൽ ഉണ്ടായിരുന്നു. വാർഡ് -4 ൽ നിന്ന് ഒരാൾക്കും, വാർഡ്- 2,16 എന്നിവയിൽ നിന്ന് രണ്ട് പേർക്ക് വീതവും വാർഡ് - 8,15 എന്നിവയിൽ നിന്ന് യഥാക്രമം 3,4 എന്നീ എണ്ണം ഗുണഭോക്താക്കൾക്കുമാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തത്. വാർഡ് -8 ൽ അംഗീകരിക്കപ്പെട്ട ഗുണഭോക്തൃ ലിസ്റ്റിൽ 16 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു.

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കറവപ്പശുവിന് സബ്സിഡി എന്ന (പ്രൊ.നം- 193/21) വനിത പ്രൊജക്ടിലും സമാന അവസ്ഥയാണ്. വാർഡ് 16 ൽ നിന്ന് ഒരു ഗുണഭോക്താവ് പോലും അംഗീകരിക്കപ്പെട്ട ലിസ്റ്റിലില്ല. വാർഡ് 2,4 എന്നിവയിൽ ഒരാൾ വീതവും, വാർഡ് 3,13 എന്നിവടങ്ങളിൽ നിന്ന് രണ്ട് പേർ വീതവുമാണ് ഗുണഭോക്തൃലിസ്റ്റിലുള്ളത്. എന്നാൽ വാർഡ് -7 ൽ 16ഗുണഭോക്താക്കളും വാർഡ് 9 ൽ 14 ഗുണഭോക്താക്കളും ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ട്.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020-21 വർഷത്തെ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. എല്ലാ വാർഡുകളിലും ഒരേ രീതിയിൽ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ,മാനദണ്ഡങ്ങൾ തുടങ്ങിയവ പൊതുജനങ്ങളുടെ ഇടയിൽ എത്തിയിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇത് വാർഡ് മെംബർമാർ ശ്രദ്ധിക്കേണ്ടതാണ്.

2. അപേക്ഷകൾ ലഭ്യമാക്കുന്നുള്ള സംവിധാനം ഗ്രാമപഞ്ചായത്ത് ഒരുക്കണം. കൊവിഡ് പശ്ചാത്തലത്തിൽ യാത്രാ നിയന്ത്രണങ്ങൾ, ഗ്രാമപഞ്ചായത്ത് കാര്യലയത്തിലെ ജീവനക്കാരുടെ എണ്ണത്തിലുള്ള നിയന്ത്രണം എന്നിവയടക്കമുള്ള പൊതുജനങ്ങൾക്ക് അപേക്ഷ ലഭ്യമാക്കാനുള്ള അവസരത്തിന് തടസ്സം സൃഷ്ടിച്ചേക്കാവുന്ന ഒട്ടനവധി ഘടകങ്ങൾ സംഭവിക്കാം. ഓരോ വാർഡിലും അപേക്ഷകൾ സ്വീകരിക്കാൻ ഒരു പൊതു സ്ഥലം പ്രത്യേക സമയത്തേക്ക് സജ്ജീകരിക്കുന്നതടക്കമുള്ള പ്രായോഗിക മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

3. ഗുണഭോക്താക്കളെ മാർക്കിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതിന്റെ രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ആയത് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ നിർവഹണ ഉദ്യോഗസ്ഥർക്കും നൽകേണ്ടതാണ്.

4. പദ്ധതികളെക്കുറിച്ചും, മാനദണ്ഡം, ഗുണഭോക്തൃ വിഹിതം, ഇനം, അപേക്ഷാ രീതി തുടങ്ങിയവയെക്കുറിച്ചൊക്കെ ചെറിയ കുറിപ്പ്, വീഡിയോ, ശബ്ദസന്ദേശം എന്നിവ തയ്യാറാക്കി സാമൂഹ്യമാദ്ധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നത് അഭികാമ്യമാണ്.

5. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഭരണസമിതിയിൽ ഒരു സബ്കമ്മിറ്റിയുടെ നേതൃത്വത്തിൽ നിരീക്ഷിക്കുന്നതും അഭികാമ്യമായിരിക്കും.

## 1-26 മംഗലപ്പുഴ പാർക്ക് - പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിൽ പെരിയാർ നദിയുടെ തീരത്ത് മംഗലപ്പുഴ പാലത്തിന് സമീപം എം.എൽ.എ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് 2015-16 കാലഘട്ടത്തിൽ ഡോ.എ.പി.ജെ. അബ്ദുൾ കലാം മെമ്മോറിയൽ പാർക്ക് എന്ന പേരിൽ സാംസ്കാരിക പരിപാടികൾ നടത്തുന്നതിനും, വിശ്രമകേന്ദ്രം എന്ന നിലയിലും ഒരു പാർക്ക് സ്ഥാപിക്കുകയും, 2017 -ൽ അത് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരുന്നു. പുഴയുടെ തീരത്തോട് ചേർന്ന് ഓപ്പൺ എയർ സ്റ്റേജും, സിമന്റ് ബഞ്ചുകളും സ്ഥാപിച്ച് ആരംഭിച്ച ഈ പാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ വികസനത്തിനായി ഗ്രാമപഞ്ചായത്ത് താഴെപ്പറയും പ്രകാരം പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| വർഷം | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവാക്കിയ തുക |
|---|---|---|---|
| 2015-16 | മംഗലപ്പുഴ പാർക്ക് സൈഡ് സംരക്ഷണം | 50000 | 47195 |
| | മംഗലപ്പുഴ പാർക്ക് നിർമ്മാണം | 531924 | 451147 |
| 2017-18 | അബ്ദുൾ കലാം പാർക്കിൽ ടോയ്ലറ്റ് നിർമ്മാണം | 224400 | 193673 |
| 2020-21 | മംഗലപ്പുഴ പാർക്ക് സ്റ്റേജ് & ടോയ്ലറ്റ് മെയിന്റനൻസ് | 150000 | 150000 |
| | മംഗലപ്പുഴ പാർക്ക് നവീകരണം | 846000 | 804889 |
| | മംഗലപ്പുഴ പാർക്ക് റോഡ് വീതികൂട്ടി അറ്റകുറ്റപ്പണികൾ | 7,09,000 | 708704 |
| | | | 23,55,608 |

2018 മഹാപ്രളയത്തിലും, 2019-ലെ പ്രളയത്തിലും നദിയുടെ തീരത്തോട് ചേർന്ന ഈ പാർക്കിലെ നിർമ്മിതികൾക്ക് സാരമായ കേടുപാടുകൾ സംഭവിക്കുകയും, ചെളിവെള്ളം കയറി പാർക്ക്

ഉപയോഗശൂന്യമാകുകയും ചെയ്തിരുന്നു. തുടർന്ന് 2020-21 സാമ്പത്തികവർഷം ഈ ഓപ്പൺ എയർ സ്റ്റേജും, ടോയ്ലറ്റും, അറ്റകുറ്റപ്പണികൾ നടത്തി നവീകരിച്ചു. സ്റ്റേജിന് മേൽക്കൂര നിർമ്മിക്കുകയും, പാർക്കിൽ പേവർ ബ്ലോക്ക്സ് പാകി വൃത്തിയാക്കുകയും, പാർക്കിന്റെ കിഴക്കേക്കവാടത്തിൽ വലിയ ഇരുമ്പ് ഗേറ്റ് സ്ഥാപിക്കുകയും ചെയ്തു.

നാളിതുവരെ ഈ പാർക്കിന്റെ അടിസ്ഥാനസൗകര്യവികസനത്തിനും, അനുബന്ധറോഡ് വികസനത്തിനുമുൾപ്പെടെ 23.55 ലക്ഷം രൂപ പഞ്ചായത്തിന്റെ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പാർക്ക് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല എന്നാണ് പ്രത്യക്ഷത്തിൽ വ്യക്തമാകുന്നത്. പുതിയതായി ഗേറ്റുകൾ സ്ഥാപിച്ച കിഴക്കേക്കവാടത്തിൽ നിന്ന് നാഷണൽ ഹൈവേയിലേക്കുള്ള പാത ഉപയോഗിക്കാതെ വെറുതെ കിടക്കുന്നതായാണ് സ്ഥലപരിശോധനയിൽ കണ്ടത്. 2018 ലെയും 2019ലെയും പ്രളയത്തിൽ ചെളികയറി നാശനഷ്ടങ്ങൾ ഉണ്ടായ പാർക്കിൽ പുതിയ ടൈലുകൾ പാകി, ഓപ്പൺ എയർ സ്റ്റേജിന് മേൽക്കൂര സ്ഥാപിച്ച്, നവീകരണങ്ങൾ നടത്തിയെങ്കിലും, പൊതുജനങ്ങൾക്ക് സ്ഥിരമായി ഉപയോഗിക്കാവുന്ന രീതിയിൽ പാർക്കിനെ മാറ്റിയെടുക്കാൻ സാധിച്ചിട്ടില്ല.

ദേശീയപാതയോട് ചേർന്ന് ഇങ്ങനെയൊരു വിശ്രമസങ്കേതമുണ്ടെന്ന വിവരം പൊതുജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ പാർക്കിന്റെ പേര് രേഖപ്പെടുത്തിയിരിക്കുന്ന ബോർഡുകൾ സ്ഥാപിക്കാവുന്നതാണ്. പാർക്കിൽ ഇലക്ട്രിഫിക്കേഷൻ നടത്തി, സായാഹ്നസവാരിക്കിറങ്ങുന്ന മുതിർന്നപൗരന്മാരുൾപ്പെടെയുള്ളവർക്ക് വിശ്രമിക്കാൻ സിമന്റ് ബെഞ്ചുകൾ സ്ഥാപിച്ചും, ചെറിയൊരു വായനാമുറി സജ്ജീകരിച്ചും പാർക്കിനെ വിശ്രമ -സാംസ്കാരിക സെന്ററാക്കി മാറ്റാവുന്നതാണ്. പാർക്കിലേക്കുള്ള പ്രധാനപ്രവേശനകവാടത്തിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കി കൂടുതൽ ആളുകൾക്ക് പാർക്കിലേക്ക് കടന്നുവരാനുള്ള സൗകര്യം ചെയ്തു കൊടുക്കാവുന്നതാണ്. പഞ്ചായത്തിന് പാർക്ക് സംരക്ഷണത്തിന് ധനാഗമസ്രോതസ്സുകൾ കണ്ടെത്താൻ പ്രായോഗികവൈഷമ്യം നേരിടുന്നുവെങ്കിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി യോജിച്ച് പഞ്ചായത്തിന്റെ സജീവപങ്കാളിത്തത്തോടെ തന്നെ ഈ പാർക്കിനെ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ വികസിപ്പിക്കാനുതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് പഞ്ചായത്ത് ഭരണസമിതിക്ക് ആലോചിക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള

പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് )].

4. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയിനത്തിൽ അതത് വർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക കണക്കാക്കി ഡിമാന്റ് ചെയ്ത് ഇൻകം-എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ 1-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറന്റ്) എന്ന ശീർഷകത്തിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകളുടെ വിവരം 2020-2021

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | 01.04.2020 ലെ മുന്നിരിപ്പ് | 2020-2021ൽ ലഭിച്ച തുക | ആകെ | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 49658 | 147817 | 197475 | പാലിയേറ്റീവ് കെയർ (S0208/21) | 147817 | 49658 |
| | 2020-21 | 0 | 300000 | 300000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S0179/21) | 300000 | 0 |
| | 2020-21 | 0 | 150000 | 150000 | പാൽ സബ്സിഡി (S038/21) | 150000 | 0 |
| | 2019-20 | 48640 | 0 | 48640 | ലൈഫ് ഭവനം -ബ്ലോക്ക് വിഹിതം (ജനറൽ) | 0 | 48640 |
| | 2018-19 | 5500 | 0 | 5500 | ലൈഫ് ഭവനം -ബ്ലോക്ക് വിഹിതം (ജനറൽ)-Spillover(S138/20) | 0 | 5500 |
| | 2019-20 | 1072750 | 120000 | 1192750 | ലൈഫ് ഭവനം -ബ്ലോക്ക് വിഹിതം (എസ്.സി) | 120000 | 1072750 |
| | 2019-20 | 500000 | 0 | 500000 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി | 0 | 500000 |
| | | 1676548 | 717817 | 2394365 | ആകെ | 717817 | 1676548 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 145294 | 0 | 145294 | ലൈഫ് ഭവനം -ജില്ലാ പഞ്ചായത്ത് വിഹിതം (എസ്.സി)- Spillover | 100000 | 45294 |
| | 2020-21 | 0 | 48000 | 48000 | പാൽ സബ്സിഡി (S038/21) | 48000 | 0 |
| | 2020-21 | 0 | 300000 | 300000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S179/21) | 300000 | 0 |
| | 2020-21 | 0 | 117537 | 117537 | നെൽക്കൃഷി വികസനം | 117537 | 0 |
| | 2018-19 | 1654776 | 0 | 1654776 | കിഴക്കും പാറ കോളനി സമഗ്ര വികസനം | 126806 | 1527970 |
| | 2018-19 | 795000 | 0 | 795000 | കുളവാൻകുന്ന് കോളനി വികസനം | 241500 | 553500 |
| | | 2595070 | 465537 | 3060607 | ആകെ | 933843 | 2126764 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു:-

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 87/21സ്ട്രീറ്റ് മെയിൻ ലൈൻ എക്സ്റ്റൻഷൻ | --- | 433546 | 0 | 433546 |
| കെ.എസ്.ഇ.ബി. | 124/21സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | --- | 444562 | 0 | 444562 |
| കെ.ഡബ്ല്യൂ.എ. | 239/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1149393 25.02.2021 | 1887000 | 0 | 1887000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു:-

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ – ലൈഫ് | LF N0.511/2018 Dt.20.6.2019 | 85,83,262 | 80,06,470 | 11,27,803 | 0 | 68,78,667 |
| | | 85,83,262 | | | | 68,78,667 |

വികസനഫണ്ട് (എസ്.സി.പി.)യിൽ നിന്നും 1,46,588/- രൂപയും വികസനഫണ്ട് (ജനറൽ)-ൽ നിന്നും 9,81,215/- രൂപയും സ്രോതസ്സിൽ കുറവ് ചെയ്ത് ആകെ 2020-21 വർഷം 11,27,803/- രൂപ വായ്പയിനത്തിൽ തിരിച്ചടച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,46,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,46,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,46,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (13635/07.05.2007) | 46,000 |
| വിദ്യാഭ്യാസ സ്കോളർഷിപ്പ് (38332/30.03.2015) | 1,00,000 |
| ആകെ | 1,46,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,92,58,822.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,91,26,500.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,81,200.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3,00,000 | ശ്രീ ഹർഷദ് വി.കെ., വി.ഇ.ഒ. |
| 1-24 | 6,81,200 | ശ്രീ അനിൽ കുമാർ എം.എൻ.<br>ഹെഡ് മാസ്റ്റർ ഗവ. എൽ,പി. സ്കൂൾ ചെങ്ങമനാട് |
| | 9,81,200 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1980-81 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 9 |
| 1981-82 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 12 |
| 1982-83 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 9 |
| 1983-84 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 13 |
| 1984-85 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1985-86 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 10 |
| 1986-87 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1987-88 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 8 |
| 1988-89 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 3 |
| 1989-90 | എൽ.എഫ്.ഇ(പി.1) 697/94/ 01.07.1994 | 7 |
| 1990-91 | എൽ.എഫ്.ഇ(പി.1)1048/94/ 09.02.1995 | 12 |
| 1992-93 | എൽ.എഫ്.ഇ(പി.1)157/94/15.04.1998 | |
| 1997-98 | എൽ.എഫ്.ഇ(പി.3) 997/02/<br>07.02.2003/06.05.2003 | |
| 2002-03 | എൽ.എഫ്.ഇ(പി.3) 1472/07/<br>28.07.2008/09.12.2008 | |
| 2003-04 | എൽ.എഫ്.ഇ (പി.3) 940/10/<br>18.08.2011/17.10.2011 | |
| 2006-07 | എൽ.എഫ്.ഇ (പി.3) 1679/08/<br>17.07.2008/06.06.2009 | |
| 2007-08 | എൽ.എഫ്.ഇ (പി.3) 1946/08/<br>14.09.2009/04.12.2009 | |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.ഇ (പി.3) 942/10/<br>14.09.2012/12.12.2012 | |

| | | |
|---|---|---|
| 2011-12 &2012-13 | എൽ.എഫ്.ഇ (പി.3) 162/14 10.03.2014 | |
| 2013-14&<br>2014-15 | എൽ.എഫ്.ഇ (പി.3) 1117/15 17.07.2015 | |
| 2016-17 | കെ. എസ് . എ / ഇ.കെ.എം(പി 11) 1876/2017<br>Dtd 03.10.17 | |
| 2017-18 | കെ. എസ് . എ / ഇ.കെ.എം(പി 11) 2079/2018<br>Dtd 08.10.18 | |
| 2018-19 | കെ. എസ് . എ / ഇ.കെ.എം(പി 11) 1685/2019<br>Dtd 15.11.19 | 13 |
| 2019-20 | കെ. എസ് . എ / ഇ.കെ.എം(പി 11) 996/2021<br>തീ. 10.09.2021 | |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്